ഉണ്ടായതിന്റെ പേരിൽ ഒരാൾ പരാതിപ്പെട്ടു കഴിഞ്ഞാൽ ആ പരാതിയെ കുറിച്ച് അന്വേഷണം നടത്തേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. അതുകൊണ്ടാണ് പറഞ്ഞത്, അന്വേഷിച്ച് യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തുന്നതാണെന്ന്. ഏതെങ്കിലും പ്രത്യേക വ്യക്തിയോ അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗത്തേയോ പരാമർശിക്കുകയല്ല യഥാർത്ഥ കുറ്റവാളിയെ കൊണ്ടുവന്ന് ശിക്ഷിക്കണം എന്നുള്ളതാണ് ഈ ഗവൺമെന്റിനെ സംബന്ധിച്ചുള്ളതു മാത്രമല്ല, ബഹുമാനപ്പെട്ട ബേബിജോണിന് ഇതിൽ താൽപ്പര്യമില്ലേ, യഥാർത്ഥ കുറ്റവാളി ആരാണെന്നു കണ്ടു പിടിക്കാൻ യഥാർത്ഥ കുറ്റവാളികളെ കണ്ടു പിടിച്ച്, ആ കുറ്റവാളികളെ ശിക്ഷിക്കാനുള്ള നടപടി ഗവൺമെന്റ് ചെയ്യുന്നതിൽ എന്തിനാണ് തെറ്റിദ്ധരിക്കണം. ഗവൺമെന്റ് പറഞ്ഞിട്ടുള്ളത് ഇക്കാര്യത്തിൽ സരസന്റെ മൊഴി സംശയാസ്പദമാണ്, അതിൽ സംശയം ഒന്നും ഇല്ല. ആ മൊഴിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകണം, മുന്നോട്ടു പോകും, ഇൻവെസ്റ്റിഗേഷൻ നടത്തും, ക്രൈം ബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ട് കുറ്റവാളികളെ കണ്ടെത്തി ശിക്ഷിപ്പിക്കുന്നതിനുള്ള നടപടി തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും കർക്കശമായി സ്വീകരിക്കും, അക്കാര്യത്തിൽ ആർക്കും സംശയം വേണ്ട എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

V. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1986-ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 56-ാം നമ്പർ ഓർഡിനൻസ്) :

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള ടോൾസ് (ഭേദഗതി) ഓർഡിനൻസ് (1986-ലെ 52-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1986-ലെ 54-ാം നമ്പർ ഓർഡിനൻസ്).

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഫിഷറീസ് വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ഓർഡിനൻസ് (1986-ലെ 53-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ കേരള സമുദ്ര മൽസ്യ ബന്ധന റഗുലേഷൻ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1986-ലെ 62-ാം നമ്പർ ഓർഡിനൻസ്).

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986-ലെ 46-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ ഗാന്ധിജി സർവ്വകലാശാല (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1986-ലെ 47-ാം നമ്പർ ഓർഡിനൻസ്).
3. 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക വിദ്യ സർവ്വകലാശാല ഓർഡിനൻസ് (1986-ലെ 48-ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly

4. 1936–ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 49-ാം നമ്പർ ഓർഡിനൻസ്).

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ഓർഡിനൻസ് (1986-ലെ 38-ാം നമ്പർ ഓർഡിനൻസ്).

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, താഴെ പറയുന്ന കടലാസുകൾ, ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ഓർഡിനൻസ് (1986-ലെ 55-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1986-ലെ 59-ാം നമ്പർ ഓർഡിനൻസ്).

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 1986-ലെ കേരള നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 41-ാം നമ്പർ ഓർഡിനൻസ്).
2. 1986-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 42-ാം നമ്പർ ഓർഡിനൻസ്).
3. 1986-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 44-ാം നമ്പർ ഓർഡിനൻസ്).
4. 1986-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ്. (1986-ലെ 45-ാം നമ്പർ ഓർഡിനൻസ്).
5. 1986-ലെ കേരള ജലസേചന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 60-ാം നമ്പർ ഓർഡിനൻസ്).
6. 1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 61-ാം നമ്പർ ഓർഡിനൻസ്).
7. 1986-ലെ കമാൻഡ് ഏരിയാ വികസന ഓർഡിനൻസ് (1986-ലെ 64-ാം നമ്പർ ഓർഡിനൻസ്).
8. 1986-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1986-ലെ 67-ാം നമ്പർ ഓർഡിനൻസ്).
9. 1986-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 69-ാം നമ്പർ ഓർഡിനൻസ്).

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 1986-ലെ കേരള വന (ഭേദഗതി) ഓർഡിനൻസ് (1986-ലെ 57-ാം നമ്പർ ഓർഡിനൻസ്).
2. വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1986-ലെ കേരള ഓർഡിനൻസ് (1986-ലെ 65-ാം നമ്പർ ഓർഡിനൻസ്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75 (2)-ാം ചട്ടപ്രകാരം ഉള്ള സ്റ്റേറ്റുമെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly

3. 1986-ലെ കേരള സഹകാരി വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1986-ലെ 66-ാം നമ്പർ ഓർഡിനൻസ്).

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) ; സർ, ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 40-ാം നമ്പർ ഓർഡിനൻസ്).

2. 1986-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 63-ാം നമ്പർ ഓർഡിനൻസ്).

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, താഴെപറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1986-ലെ 50-ാം നമ്പർ ഓർഡിനൻസ്).

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 1986-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ 39-ാം നമ്പർ ഓർഡിനൻസ്)

2. 1986-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1986-ലെ 43-ാം നമ്പർ ഓർഡിനൻസ്).

3. 1986-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1986-ലെ 68-ാം നമ്പർ ഓർഡിനൻസ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ: സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986 ലെ 58-ാം നമ്പർ ഓർഡിനൻസ്).

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് (1986.ലെ 51-ാം നമ്പർ ഓർഡിനൻസ്).

VI. കായികതാരങ്ങൾക്ക് നിയമസഭയുടെ അഭിനന്ദനം

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ലോകകായികരംഗത്ത് ഇൻഡ്യയുടെ യശസ് ഉയർത്തിപ്പിടിച്ച കുമാരിമാർ പി. ടി. ഉഷ, ഷൈനി എബ്രഹാം, എം. ഡി. വൽസമ്മ എന്നിവരെ ഹാർദ്ദമായി നമുക്ക് അഭിനന്ദിക്കാം. ഏഷ്യയിലെ മികച്ച കായികപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട കുമാരി പി. ടി. ഉഷ നമ്മുടെ ഏവരുടേയും പ്രത്യേക പ്രശംസയ്ക്ക് അർഹയായിരിക്കുന്നു. ഈ ഉന്നതസ്ഥാനലബ്ധിക്ക് അവരെ പാപ്തരാക്കിയ പരിശീലകരായ ശ്രീ. ഒ. എൻ. നമ്പ്യാരേയും ശ്രീ. എ. കെ. കുട്ടിയേയും നമ്മുടെ അനുമോദനം നമുക്ക് അറിയിക്കാം. അതുപോലെതന്നെ വോളീബാൾ മൽസരത്തിൽ മികച്ചപ്രകടനം കാഴ്ചവച്ച സിറിൽവെള്ളൂർ, ജിമ്മിജോർജ്ജ് ഉദയകുമാർ എന്നിവരും അവരുടെ പരിശീലകരായ ശ്രീ. അച്യുതക്കുറുപ്പും;

LIBRARY ARCHIVES Kerala Legislative Assembly